# രാമരാജാബഹദൂർ

ഡോ: കെ· ഭാസ്കരൻ നായർ

സി.വി. രാമൻപിള്ളയുടെ രാമരാജാബഹദൂർ എന്ന ആഖ്യായികയെപ്പററി കേട്ടിട്ടുണ്ടോ? അതിമനോഹരമായ ചരിത്രകഥയാണ്. (ഇടയ്ക്കു പറയട്ടെ. ഈ ഗ്രന്ഥത്തിൻെറ പേരു് പലരും തെററിച്ചാണ് പറയുന്നതു്—രാമരാജ ബഹദൂർ എന്നു്. ഇതു് ശരിയല്ല. രാജാ എന്നു് ദീർഘമുണ്ടു്.) മൈസൂർ പുലി എന്ന വിഖ്യാതനായ ടിപ്പുസുൽത്താൻ തിരുവിതാംകൂർ ആക്രമിച്ച ചരിത്രസംഭവത്തെ അടിസ്ഥാനമാക്കിയാണ്ഈ കഥ രചിച്ചിരിക്കുന്നതു്. അന്നു് തിരുവിതാംകൂർ ഭരിച്ചിരുന്നതു് കാർത്തികതിരുനാൾ രാമവർമ്മ എന്ന മഹാരാജാവാണ്. അദ്ദേഹത്തെ ധർമ്മരാജാവെന്നും വിളിക്കാറുണ്ടു്. രാജധർമ്മത്തെ ശ്രേഷ്ഠമായ നിലയിൽ പരിപാലിച്ച് ജനങ്ങൾക്ക് ക്ഷേമവും സുരക്ഷിതത്വവും കൈവരുത്തിയതിനു പുറമെ അദ്ദേഹം സാഹിത്യത്തെയും കലകളെയും പോഷിപ്പിക്കുകയും ചെയ്തു. അദ്ദേഹം ഏഴ് ആട്ടക്കഥകൾ രചിച്ചിട്ടുണ്ടു്. ഇവയിൽ നരകാസുരവധം, ബകവധം തുടങ്ങിയവ ഇന്നും ധാരാളമായി അഭിനയിച്ചു വരുന്നു.

ടിപ്പുവിൻെറ മന്ത്രാലോചനകളിൽ തിരുവിതാംകൂർ മഹാരാജാവിനെപ്പററി പറയുമ്പോൾ രാമരാജാ ബഹദൂർ എന്ന പദമാണ് ഉപയോഗിച്ചുവന്നതു്. സി. വി. രാമൻപിള്ള അതുതന്നെ ഗ്രന്ഥനാമമായി സ്വീകരിച്ചിരിക്കുന്നു. ടിപ്പുവിൻെറ ചാരന്മാർ ഒരു വശത്തും രാമവർമ്മ മഹാരാജാവിൻെറ മന്ത്രിയായ കേശവപിള്ള മറുവശത്തും നിന്നു് യുദ്ധം തുടങ്ങുന്നതിനുമുമ്പായി നടത്തുന്ന ബുദ്ധിപരമായ പോരാട്ടങ്ങളാണ് ആഖ്യായികയുടെ ആദ്യഭാഗത്തു കാണുന്നതു്. ആക്രമണവും യുദ്ധവുമെല്ലാം ഒടുവിലേ വരുന്നുള്ളു. യുദ്ധത്തിൽ, പെരിയാറിൻെറ മേൽഭാഗത്തുള്ള ഒരു തടാകം തുറന്നുവിട്ടു് വെള്ളപ്പൊക്കമുണ്ടാക്കി, ആലുവാ മണൽപ്പുറത്തു്താവളമടിച്ചിരുന്ന മൈസൂർ പടയെ തിരുവിതാംകൂർ സൈന്യം തോല്പിച്ചു. ടിപ്പു തെക്കോട്ടു കടക്കാൻ കഴിയാതെ മടങ്ങിപ്പോയി.



ഇങ്ങനെ ചരിത്രം വിസ്തരിച്ചതുകൊണ്ടു് കഥയാവുകയില്ലല്ലൊ. സത്യത്തിൽ ചരിത്രഗതിയുടെ ചുററുപാടുകളിൽ പലതരക്കാരായ അനേകം കഥാപാത്രങ്ങളെ അണിനിരത്തി, അവരുടെ അനുഭവങ്ങളിലൂടെ ദേശാഭിമാനത്തിൻെറയും കുടുംബപാരമ്പര്യങ്ങളുടെയും സ്നേഹബന്ധങ്ങളുടെയും മനുഷ്യസ്വഭാവത്തിലെ കൗടില്യങ്ങളുടെയും ദ്രോഹബുദ്ധിയുടെയും തെററിദ്ധാരണകളുടെയും മററും അതിമനോഹരമായ ചിത്രങ്ങൾ വരച്ചുകാണിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നതു്. ഈ യത്നത്തിൽ പ്രസ്തുത കഥ അതിനുമുമ്പെഴുതിയ



Digitized by Kerala Sahitya Akademi

മാർത്താണ്ഡവർമ്മ, ധർമ്മരാജാ എന്നീ ആഖ്യായികകളുടെ തുടർച്ചയായിത്തീർന്നിരിക്കുന്നു. അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ, കാർത്തികതിരുനാൾ രാമവർമ്മ എന്നീ രണ്ടു മഹാരാജാക്കന്മാരുടെ ഭരണകാലത്തിനിടയ്ക്കായി വ്യാപിച്ചുകിടക്കുന്ന ഈ നീണ്ട കഥയിൽ ഒന്നിനു പുറകെ ഒന്നായി വരുന്ന അഞ്ചു തലമുറയിൽപെട്ട കഥാപാത്രങ്ങളെ നാം കാണുന്നു. ഇവരിൽ കഴക്കൂട്ടത്തുപിള്ളമാർ എന്ന കുടുംബത്തിലെ അംഗങ്ങൾക്കാണു് ഏററവും കൂടുതൽ പ്രാധാന്യം സിദ്ധിച്ചിരിക്കുന്നതു്.

കഥയെഴുതുന്നവർ പല തരക്കാരായ പാത്രങ്ങളെ സൃഷ്ടിച്ചു്, പാവക്കൂത്തു നടത്തുന്നതുപോലെ, അവയെ ഇഷ്ടാനുസരണം കളിപ്പിക്കുകയാണു് ചെയ്യുന്നതെന്നു് പറയാമെങ്കിലും അങ്ങിനെ എഴുതുന്ന കഥകൾ നമ്മെ അത്ര വളരെയൊന്നും രസിപ്പിക്കുകയില്ല. നല്ല കഥകൾക്കു് ജീവിതഗതിയുടെ ചൈതന്യമുണ്ടു്. അവയിലെ പാത്രങ്ങൾ യന്ത്രപ്പാവകളാണെന്നു് തോന്നുകയില്ല. അവയ്ക്കു് നാം നിത്യവും കാണുന്ന മനുഷ്യരെക്കാൾ ജീവനുണ്ടു്. ഗ്രന്ഥകാരന്റെ ചരടുകളല്ല സ്വന്തമായി നേടിയ ചൈതന്യമാണു് അവയെ നയിക്കുന്നതു്. ഈ അർത്ഥത്തിൽ മേല്പറഞ്ഞ മൂന്നു് ആഖ്യായികകളും ഒന്നിനോടൊന്നു് ഗാഢമായി ബന്ധപ്പെട്ടു്, കേരളീയ ജീവിതത്തിന്റെ അതിമഹത്തായ ഒരു ഇതിഹാസമായി രൂപംപൂണ്ടിരിക്കുന്നു.

വാല്മീകിയും വ്യാസനും എഴുതിയ ഇതിഹാസങ്ങൾ ചരിത്രമാണോ എന്നു് അന്വേഷിക്കുന്നവരുണ്ടു്. ആയാലെന്തു്, അല്ലെങ്കിലെന്തു്? വായിക്കുന്നവർക്കും കേൾക്കുന്നവർക്കും അനുഭവിക്കാവുന്ന സത്യങ്ങളാണവ. ഒരു ചരിത്രത്തിനും ഈ ചൈതന്യം കൈവന്നിട്ടില്ല. ഹർഷനും കനിഷ്ക്കനും ചരിത്രപുരുഷന്മാരാണു്. പക്ഷെ അവർക്കു് ശ്രീരാമന്റെയും സീതയുടെയും, വേണ്ട, ലക്ഷ്മണന്റെയും ഹനുമാന്റെയും അത്രയെങ്കിലും ജീവനുണ്ടോ?

രാമരാജാ ബഹദൂറിലെ കഥാഗതിയെയോ, കഥാപാത്രങ്ങളുടെ വൈചിത്ര്യത്തെയോ കുറിച്ചു് സംക്ഷിപ്തമായിട്ടുപോലും എഴുതുവാൻ സ്ഥലമില്ല. ഒരു അപ്രധാനപാത്രമായ അഴകൻപിള്ളയെപ്പററി രണ്ടു വാക്കു് പറയണമെന്നേ ഉദ്ദേശിക്കുന്നുള്ളു. അയാൾ തെക്കൻ തിരുവിതാംകൂറുകാരനായ ഒരു മരങ്ങോടനാണു്. ആജാനുബാഹു, അതിശക്തിമാൻ, നിരക്ഷരകുക്ഷി. തടിമിടുക്കുള്ളതുകൊണ്ടു് അയാളും യുദ്ധത്തിനുപോയി. അവിടെ വച്ചു്അല്പമൊരു വിശ്രമംകിട്ടിയപ്പോൾ അയാൾ തന്റെ കൂടെയുള്ളവരെ രസിപ്പിക്കുവാൻ വേണ്ടി ''ആരുടെയും അപേക്ഷ കൂടാതെയും അനുമതി വാങ്ങാതെയും മരക്കൊമ്പുകളിൽനിന്നു് ചില ശാഖകൾ ഒടിച്ചിട്ടു് അതിന്മേൽ ആസനസ്ഥനായി'' ഒരു പഴയ കഥ പറയുവാൻ തുടങ്ങി. തന്റെ യജമാനനായ ത്രിവിക്രമൻ എന്ന യോദ്ധാവിന്റെ പ്രേമഭാജനമായ സാവിത്രിയെയും, അവളെ കാണാത്തതുമൂലം ആ യുവാവു് അനുഭവിക്കുന്ന കഠിനദുഃഖത്തെയും അനുസ്മരിച്ചുകൊണ്ടാണു്അഴകൻപിള്ള സ്വന്തം ഭാഷയിൽ ഈ പുരാവൃത്തം വിസ്തരിക്കുന്നതു്. (അർത്ഥവും വ്യാഖ്യാനവും ബ്രാക്കററിൽ കൊടുത്തിട്ടുണ്ടു്.)

''നെല്ലിക്കാട്ടെ പടിപ്പുരയ്ക്കൽ
വില്ലിയെന്ന തലപ്പുലയൻ ചെന്നു
ചാമ്പട്ടിയായേ തമ്പ്രാട്ടിയാരേ,
ഒരു പാള കരിക്കാടി തായോ''
എന്നു വിളിക്കെ,

(ചാമ്പട്ടി—ചാകാറായ പട്ടി.
കരിക്കാടി—കഞ്ഞി)

''പൂമാലക്കൊഴുന്തുഴിഞ്ഞ മങ്കയാളും
ശൊല്ലുവാളെ
ഉടപ്പുറപ്പും മാമനാരും പട്ടുപോയി
ഞാൻ തനിയേ കണ്ണുഴുതു
പുണ്ണാമ്പടുതിയിൽ
കണ്ണാക്കറിവാൻ വരാത്ത നീയോ
കഞ്ഞിതാ തവിട്ടുതാ എന്നു്?
കരിമടൽ വെട്ടി കൈപിടിയും
ചെത്തി
യെവന്റെ കരുംതൊലിയെ
ചെന്തൊലിയാക്കാൻ
ആരെടാ പിള്ളരേ യെന്നാൾ''

(പൂമാലക്കൊഴുന്തുഴിഞ്ഞ — സുന്ദരിയായ, അവൾ പറഞ്ഞു: എന്റെ സഹോദരനും അമ്മാവനും മരിച്ചുപോയി. ഞാൻ ഒററയ്ക്കു് കരഞ്ഞു കരഞ്ഞു് കണ്ണുകൾ പുണ്ണായ നിലയിൽ ആയപ്പോൾ, കണ്ണാക്കറിവാൻ [കണ്ണും നാക്കും അറിവാൻ—കാണാനോ ചോദിക്കാനോ] വരാതിരുന്ന നിയാണോ ഇപ്പോൾ കഞ്ഞിതാ തവിട്ടുതാ എന്നു ചോദിക്കുന്നതു്? കരിമ്പനയുടെ ഓലത്തണ്ടു് വെട്ടിയെടുത്തു് അതിന്റെ അററം ചെത്തി പിടിക്കുവാൻ സൗകര്യപ്പെടുത്തി ഉണ്ടാക്കിയ ആയുധം കൊണ്ടു് ഇവന്റെ കറുത്ത തൊലിപൊളിച്ചു് ചോരയൊഴുക്കി ശിക്ഷിക്കാൻ എവിടെ ആളുകൾ!)

ഇങ്ങനെ തുടങ്ങിയ കഥയിൽ 'വില്ലി ആ കന്യകയെ ബലേന വരിക്കുമെന്നു് വാതു പറഞ്ഞതും, അവൾ വൃദ്ധവേഷം ധരിച്ചു് ഓടം (വഞ്ചി) കയറി രക്ഷപ്പെട്ടതും, വില്ലിയും അവന്റെ പുലയർ ആയിരവും അവളെ പിൻതുടർന്നതും, ഒരു വൃക്ഷം അനുതാപത്താൽ പിളന്നു്അവളെ ഒളിച്ചുകൊണ്ടതും, തന്റെ കമിതാവായ ഒരു കുബേരകുമാരന്റെ ഭവനത്തെ അഭയംപ്രാപിച്ചു് കന്നുകാലികൾ മേയ്പ്പാൻ ഏററുകൊണ്ടതും, അവളുടെ സൂക്ഷിപ്പിൽ കന്നുകാലികൾ പുഷ്ടശരീരികളായതും, അതിന്റെ രഹസ്യമറിയാൻ ധനികകുമാരൻ മലകയറി പതുങ്ങിയിരുന്നതും, കന്യക വൃദ്ധവസ്ത്രങ്ങൾ മാററിച്ചുനയിൽ നീരാടി (ഉറവയിൽ കുളിച്ചു്), പൈങ്കിരാലിപ്പശുവിനെ കറന്നു പശിപോക്കിയതും, എരുമത്തടവള്ളിവലിച്ചു് അന്നലൂഞ്ഞാൽ (കിളിയൂഞ്ഞാൽ) കെട്ടി ആടിപ്പാടി, പറക്കും പൈങ്കിളികൾ ചിറകൊതുക്കി, പട്ടമരം തിളുത്തു്, തിളുത്ത മരം പൂത്തു്, പൂത്തമരം കാച്ചു്, കന്നുകാലി തലകലുക്കി, നാഗരാജൻ പടമൊതുക്കി പാട്ടുകേൾക്കേ പണപ്പൊലിമയോൻ (കുബേരകുമാരൻ) പെൺപാദത്തിൽ പണിതു (കുമ്പിട്ടു്) വേട്ടുകൊണ്ടതും നെല്ലിക്കാട്ടെ ചാവുകൊടയ്ക്കു് (പിതൃപൂജയ്ക്കു്) രണ്ടു പേരും പുറപ്പെട്ടതും, പുലപ്പട നേരിട്ടതും, അഴകടയകുമാരൻ അരവാൾകൊണ്ടു് അപ്പടമുടിയവേ പൊരുതതും' അഴകൻപിള്ള വർണ്ണിച്ചു.

ഈ കഥയുടെ അകൃത്രിമത്വവുംഅതിൽ ഉപയോഗിച്ചിരിക്കുന്ന ദേശ്യഭാഷാശൈലിയും എത്രയോ മനോഹരമായിരിക്കുന്നു. കഥ പറയുന്ന അഴകൻപിള്ളയുടെ രസകരമായ ഒരു ചിത്രവും നമുക്കു ലഭിക്കുന്നു. താൻ രചിച്ച ഗംഭീരങ്ങളായ ആഖ്യായികകളിൽ ഇങ്ങിനെയുള്ള അനേകം പൊടിക്കൈകൾ സി. വി. രാമൻ പിള്ള പ്രയോഗിച്ചിട്ടുണ്ടു്.

★★★